**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1879** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകാൻ സർക്കാർ ഏജൻസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റ് റിസർച്ച്, ലേബലിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയ്ക്ക് സഹായം നൽകുന്ന ഏതെങ്കിലും സർക്കാർ ഏജൻസി നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഏതെങ്കിലും ഏജൻസിയ്ക്ക് സർക്കാർ തലത്തിൽ ചുമതല നൽകാമോ എന്നറിയിക്കാമോ? | (എ) | വ്യവസായ സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റ് റിസർച്ച്, ലേബലിംഗ് മുതലായ സഹായം നൽകുന്ന പ്രത്യേക ഏജൻസി നിലവിൽ ഇല്ല. വാണിജ്യ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് വ്യവസായ വകുപ്പിന് കീഴിൽ കൊമേഴ്സ് മിഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുതലായ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ മാർക്കറ്റ് റിസർച്ച് നടത്തി വരുന്നുണ്ട്. ഇതിനു പുറമേ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങ്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനിയറിങ്ങ് ആൻഡ് ടെക്നോളജി, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ദേശീയ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പ്രസ്തുത വിഷയങ്ങളിൽ പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്. വ്യവസായ മേഖലയിൽ 'കേരള' എന്ന ബ്രാൻഡ് അവതരിപ്പിക്കണമെന്ന വ്യവസായ ലോകം മുന്നോട്ടുവച്ച ആശയം നടപ്പിൽ വരുത്താൻ കഴിയുമോയെന്ന സാദ്ധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ